**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂലൈ 8, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

65(*451) കേരള പോലീസിന്റെ പ്രവർത്തനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മികച്ച ക്രമസമാധാനപാലനശേഷിയും കുറ്റാന്വേഷണ മികവുമുള്ള സംസ്ഥാനമായി കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ടെന്നും മനുഷ്യാവകാശങ്ങൾ മാനിച്ചും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കിയും ന്യായവും നിഷ്പക്ഷവുമായി നീതി നടപ്പിലാക്കിയും ജനങ്ങളോട് ഒത്തുചേർന്ന് പ്രവർത്തിച്ചും സംസ്ഥാനത്തിന്റെ ക്രമസമാധാനം കാത്തുസൂക്ഷിക്കുന്നതിനുള്ള ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ജനമൈത്രി സുരക്ഷാ പദ്ധതി,

സ്റ്റുഡന്റ് പോലീസ്, കടലോര ജാഗ്രതാ സമിതി, വനിതാ പോലീസ് വിഭാഗം, ആദിവാസി സമൂഹത്തിൽനിന്നുള്ള പ്രത്യേക നിയമനങ്ങൾ, ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ എന്നിവയിലൂടെ പോലീസ് സേനയിൽ ജനാധിപത്യമൂല്യം ഉൾക്കൊള്ളുന്ന സേവനസന്നദ്ധരായ മികച്ച പ്രൊഫഷണലുകളെ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സൈബർ പോലീസ് ഡിവിഷനും സമൂഹമാധ്യമങ്ങളിലൂടെ വിവിധ വിഷയങ്ങളിൽ പ്രചാരണം നടത്തുന്നതിന് ഇൻസ്റ്റഗ്രാം അക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. പൊതുസേവനങ്ങൾക്കായി നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതി ഡിജിറ്റൽ സിഗ്നേച്ചർ പോലുള്ള നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പോലീസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്ന കേന്ദ്രീകൃത കൺട്രോൾ റൂം ആരംഭിച്ചതിനുപുറമെ ഓൺലൈനായി പരാതി നൽകാനുള്ള പോർട്ടലും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തിന് പുറമെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ ഡോം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ജനമൈത്രി സ്റ്റേഷനുകളാക്കി ഉയർത്തി ഹെൽപ്പ്ഡെസ്കുകൾ സ്ഥാപിച്ച് പബ്ലിക് റിലേഷൻസ് ഓഫീസർമാരെ

നിയമിച്ചിട്ടുള്ളത് കൂടാതെ 148 സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുകയും വനിത പോലീസ് സ്റ്റേഷനുകളുടെ എണ്ണം 14 ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള Cyber Crime Prevention Against Women and Children (CCPWC)-ന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 520 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയും ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ടാക്കുന്ന നടപടി പുരോഗമിക്കുന്നതോടൊപ്പം നിർമ്മിതബുദ്ധി സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് വിവിധ ജില്ലാ അതിർത്തികളിലും ബസ് സ്റ്റാൻഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിച്ചതിനുപുറമെ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ, ഹോപ്പ്, ചിരി, Counter Child Sexual Exploitation Cell (CCSE) തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. 'യോദ്ധാവ്' പദ്ധതിയിലൂടെ

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വിപത്ത് പ്രതിരോധിക്കുന്നതിന് നടപടി സ്വീകരിക്കുകയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി Kerala Anti-Narcotic Special Action Force (KANSAF)-നെ ശക്തിപ്പെടുത്തുകയും എല്ലാ റവന്യൂ ജില്ലകളിലും ഫോറൻസിക് സയൻസ് ലാബുകൾ പ്രവർത്തനസജ്ജമാക്കുകയും വിരലടയാള പരിശോധനകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് Automated Finger Print Identification System നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇ-കൊമേഴ്സുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ആരംഭിക്കുകയും പോലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. ലഹരി കടത്ത്, വിപണനം എന്നിവയ്ക്കെതിരെ NDPS പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സേനയെ കളങ്കപ്പെടുത്തുന്ന സംഭവങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക/നിയമ നടപടികൾ സ്വീകരിക്കുകയും 2016 മുതൽ 2024 മേയ് 31 വരെ 108 പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽനിന്നും പിരിച്ചുവിടുകയും ആരോപണവിധേയരായ ഉദ്യോഗസ്ഥരുടെ ക്രിമിനൽ ബന്ധങ്ങൾ കണ്ടെത്തിയാൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ വനിത പോലീസ്

ഉൾപ്പെടുന്ന പബ്ലിക് റിലേഷൻസ് ഓഫീസർ, അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ എന്നിവരുടെ സേവനം ഉറപ്പാക്കുന്നതാണ്. ആദായ നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിലും ഓഹരി വിപണി നിക്ഷേപത്തിന്റെ പേരിലും നടത്തുന്ന സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും അടിയന്തര സഹായത്തിനായി 1930 എന്ന ടോൾ ഫ്രീ നമ്പർ പ്രയോജനപ്പെടുത്താവുന്നതാണെന്നും പോലീസ് സേനയിലെ വനിത പ്രാതിനിധ്യം 15 ശതമാനമായി വർദ്ധിപ്പിച്ച് സ്ത്രീ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മികവുറ്റ താരങ്ങളെ ഉൾപ്പെടുത്തി കേരള പോലീസിന്റെ ഫുട്ബോൾ ടീം ശക്തിപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

66(*452) <u>ലക്ഷ്യ സർട്ടിഫിക്കേഷൻ</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ മൂന്ന് മെഡിക്കൽ കോളേജുകളും ഏഴ് ജില്ലാ ആശുപത്രികളും ഒരു താലൂക്കാശുപത്രിയും ഉൾപ്പെടെ 11 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെന്നും പ്രസവ ശുശ്രൂഷകൾ നടത്തുന്ന ആശുപത്രികളെ ദേശീയ

ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതെന്നും സഭയെ അറിയിച്ചു. ലേബർ-ഡെലിവറി-റിക്കവറി (LDR) കൺസപ്റ്റ് അനുസരിച്ച് ലേബർ റൂമും അനുബന്ധ സേവനങ്ങളും ക്രമീകരിക്കുകയും ലേബർ റൂമിൽ പ്രത്യേകം ക്യൂബിക്കിളുകൾ നിർമ്മിച്ച് Respectful Maternity Care & Privacy, New Born Care Corner എന്നിവ ഉറപ്പുവരുത്തുകയും ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, SNCU എന്നിവ ഒരേ ബ്ലോക്കിൽ സജ്ജീകരിച്ച് ആവശ്യമായ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട ശുശ്രൂഷ നൽകുന്നതിനായി മനുഷ്യ വിഭവശേഷി പ്രദാനം ചെയ്യുന്നതോടൊപ്പം ആരോഗ്യ പ്രവർത്തകരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും അവരുടെ നൈപുണ്യം വിലയിരുത്തുന്നതിന് OSCE പരീക്ഷകളും നടത്തിവരുന്നുണ്ട്. Evidence Based Protocol തയ്യാറാക്കുകയും അവ ജീവനക്കാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും കൃത്യമായ ഇടവേളകളിൽ ഓഡിറ്റ് നടത്തുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും രോഗികളിൽനിന്നും വിവരശേഖരണം നടത്തി ആശുപത്രിയുടെ സേവന സംതൃപ്തി വിലയിരുത്തുകയും രോഗികളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ

നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗർഭിണികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി 'അമ്മയ്ക്കൊരു കൂട്ട്'' (Birth Companion) പദ്ധതി SAT ആശുപത്രിയിൽ നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 100 സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും രാജ്യത്ത് ഏറ്റവും കൂടുതൽ എൻ.ക്യൂ.എ.എസ്. കോഡ് നേടിയ ആരോഗ്യ കേന്ദ്രത്തിനുള്ള പുരസ്കാരം മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആരോഗ്യ കേന്ദ്രത്തിന് ലഭിച്ചിട്ടുണ്ടെന്നും പ്രതിവർഷം 1600 കോടി രൂപ സൗജന്യ ചികിത്സയ്ക്കായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ടെന്നും സുസ്ഥിര വികസനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളുടെ ഫലമായി മാതൃ/ശിശുമരണ നിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും 'ശലഭം' പദ്ധതിയിൽ വയനാട് ജില്ലയിലെ നവജാത ശിശുക്കളിൽ സിക്കിൾസെൽ അനീമിയ കണ്ടുപിടിക്കുന്നതിനുള്ള സ്ക്രീനിംഗ് പ്രോഗ്രാമുകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

67(*453) <u>നിയമനത്തിനുള്ള വിശേഷാൽ ചട്ടം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി കമ്പനി/ബോർഡ്/കോർപ്പറേഷൻ ഉൾപ്പെടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങൾക്കായി വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അതത് ഭരണവകുപ്പുകളിൽ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണെന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ധനകാര്യം, ആസൂത്രണ സാമ്പത്തികകാര്യം, നിയമം വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള 'ടാസ്ക് ഫോഴ്സ്' ചട്ട രൂപീകരണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിലവിലുള്ള ജീവനക്കാർക്ക് സർവീസ് സംബന്ധമായ ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ വിശേഷാൽ ചട്ട രൂപീകരണം പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്കുവിട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന ചട്ടങ്ങൾ തയ്യാറാക്കിയതിനുശേഷം പി.എസ്.സി. മുഖേന മാത്രമേ നിയമനം നടത്താൻ പാടുള്ളൂവെന്നും എന്നാൽ ഭരണപരമായ പ്രവർത്തനത്തിന്

അത്യാവശ്യമായ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും ഇക്കാലയളവിൽ ഇത്തരം തസ്തികകളിലേയ്ക്ക് സ്ഥിരനിയമനങ്ങൾ നടത്തരുതെന്നും നിർദ്ദേശം നൽകുകയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വേക്കൻസികൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ടെന്നും ഭാഷാ അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

68(*454) <u>ആർ.സി.സി.-യിലെ സൈബർ ആക്രമണം</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, റീജിയണൽ ക്യാൻസർ സെന്ററിൽ റേഡിയേഷൻ ചികിത്സയ്ക്കുള്ള സോഫ്റ്റ്‌വെയറിൽ സൈബർ ആക്രമണം നടന്നുവെങ്കിലും അത് ക്രിട്ടിക്കൽ സിസ്റ്റത്തിൽ ബാധിക്കുന്നതിന് മുമ്പുതന്നെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നിർത്തിവച്ച് മറ്റ് കമ്പ്യൂട്ടറുകളിലേയ്ക്ക് വ്യാപിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബാക്കപ്പ് ഉള്ളതിനാൽ രോഗികളുടെ റേഡിയേഷൻ ചികിത്സാ വിവരങ്ങൾ

സുരക്ഷിതമാണെന്നും സഭയെ അറിയിച്ചു. രോഗികളുടെ ചികിത്സാരേഖകൾക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനും ഭാവിയിൽ ഇത്തരം സൈബർ ആക്രമണങ്ങൾ വരാതിരിക്കുന്നതിനുമുള്ള നടപടികൾ ആർ.സി.സി. സ്വീകരിച്ചുവരികയാണ്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലെ M/s GE കമ്പനിയുടെ PACS സോഫ്റ്റ്‌വെയറിലും റേഡിയേഷൻ ഫിസിക്സ് വിഭാഗത്തിലെ M/s VARIAN കമ്പനിയുടെ CITRIX സോഫ്റ്റ്‌വെയറിലും 28-04-2024-ന് സൈബർ ആക്രമണമുണ്ടായ വിവരം അടിയന്തരമായി സർക്കാരിനെയും സൈബർ സെക്യൂരിറ്റി വിഭാഗത്തെയും സെർട്ടിനെയും (Computer Emergency Response Team, Kerala) അറിയിച്ചതിനെത്തുടർന്ന് സൈബർ ക്രൈം വിഭാഗം FIR രജിസ്റ്റർ ചെയ്യുകയും 8 ഡെസ്ക് ടോപ് പി.സി.-കളിലും 4 സെർവറുകളിലും വൈറസ് ബാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സൈബർ ആക്രമണം നേരിട്ട മറ്റു കമ്പ്യൂട്ടറുകൾ തുടർപരിശോധനകൾക്കായി സൈബർ വിഭാഗവും സെർട്ടും ഏറ്റെടുത്തിട്ടുണ്ട്. ഡാറ്റ സംരക്ഷിക്കുന്നതിനോടൊപ്പം വ്യക്തിയുടെ സ്വകാര്യത ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സ്റ്റേറ്റ് ഡാറ്റ സെന്ററിൽ സൂക്ഷിക്കുന്ന ഇ-ഹെൽത്ത് ഡാറ്റയിൽ ആന്റിവൈറസ് സംരക്ഷണമുൾപ്പെടെ ഉറപ്പാക്കിയിട്ടുണ്ടെന്നും ആരോഗ്യ സ്ഥാപനങ്ങളിൽ

ഓഡിറ്റ് നടത്തി നിലവിലുള്ള ആന്റിവൈറസ് പ്രൊട്ടക്ഷൻ സംവിധാനങ്ങളിലടക്കം കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം ഐ.റ്റി. വിദഗ്ധരുമായി ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

69(*455) കനത്ത ചൂടിനെ അതിജീവിക്കുന്നതിനുള്ള ക്രമീകരണങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനത്ത് ഈ വർഷം തുടർച്ചയായ ദിവസങ്ങളിൽ ഉഷ്ണതരംഗം ഔദ്യോഗികമായി സ്ഥിരീകരിക്കുകയുണ്ടായെന്നും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗത്തിൽ കനത്ത ചൂടിനെ അതിജീവിക്കുന്നതിന് ജനങ്ങൾ പാലിക്കേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ബന്ധപ്പെട്ട വകുപ്പുകളും സ്വീകരിക്കേണ്ടതുമായ നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയുണ്ടായെന്നും സഭയെ അറിയിച്ചു. പല സ്ഥലത്തും ഉയർന്ന താപനില 40 ഡിഗ്രിക്ക് മുകളിലാകുകയും അന്തരീക്ഷത്തിലെ ആർദ്രത (humidity) വർദ്ധിക്കുകയും ചെയ്തതുമൂലം ആരോഗ്യപ്രശ്നങ്ങളും മരണവും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

അവധി നൽകിയിട്ടുണ്ട്. നിർമ്മാണത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ തുടങ്ങിയവരുടെ 11 മുതൽ 3 മണിവരെയുള്ള ജോലിസമയം ഒഴിവാക്കി ക്രമീകരിക്കുന്നതിനും വെക്കേഷൻ ക്ലാസ്സുകൾ ഒഴിവാക്കി ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിനും പരേഡുകൾ, NCC, കായിക മത്സരങ്ങൾ എന്നിവ ഒഴിവാക്കുന്നതിനും ആസ്ബസ്റ്റോസ്, അലുമിനിയം ഷീറ്റുകളുള്ള വീടുകളിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനും ചൂടിന്റെ കാഠിന്യമേറിയ സമയങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും നിർജ്ജലീകരണം തടയുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ആശുപത്രികൾ, സ്കൂളുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിലെ മാലിന്യ കൂമ്പാരങ്ങളിൽ കൃത്യമായി ഫയർ ഓഡിറ്റ് നടത്തുന്നതിനും കാട്ടുതീ ഒഴിവാക്കുന്നതിന് ഫോറസ്റ്റ് ഓഫീസർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും സംസ്ഥാനത്ത് ഒട്ടാകെ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനൊപ്പം നിലവിലുള്ള മരങ്ങൾ പരിപാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം

46587 ഹെക്ടറിൽ 257.12 കോടി രൂപയുടെ കൃഷി നാശം സംഭവിക്കുകയും ഉല്പാദനനഷ്ടം, വിപണി മൂല്യത്തിന്റെ കുറവ് എന്നിവയുടെ അടിസ്ഥാനത്തിൽ 118.69 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് സംസ്ഥാന-കേന്ദ്രവിഹിതം നൽകിവരുന്നുണ്ടെങ്കിലും സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്തിട്ടുള്ള ടേം ഷീറ്റുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച നിരക്ക് പ്രകാരം ആനുകൂല്യം നൽകുന്നതാണ്. കനത്ത ചൂട് വന്യജീവികളുടെ ആവാസ വ്യവസ്ഥയിലുണ്ടാക്കിയ മാറ്റംമൂലം വന്യജീവി ആക്രമണം രൂക്ഷമായ സാഹചര്യത്തിൽ അത് തടയുന്നതിന് ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.